ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പങ്കെടുത്ത എല്ലാവരുടെയും പേരു വിവരം ലഭ്യമല്ല.

(ഡി) 1. വിദ്യാഭ്യാസമന്ത്രി.
2. ശ്രീ. ജി. കാർത്തികേയൻ എം. എൽ. എ.
3. ,, പന്തളം സുധാകരൻ ,,
4. ,, ഇ. ടി. മുഹമ്മദു ബഷീർ ,,
5. ,, ടി. എസ്. ജോൺ ,,
6. ,, സി. എഫ്. തോമസ് ,,
7. ,, വി. സി. കബീർ ,,
8. ,, എസ് രാമചന്ദ്രൻപിള്ള ,,
9. ,, എം. ഐ. ഷാനവാസ്
10. പ്രൊഫസർ കെ. എം. തരകൻ
11. ശ്രീ. എം. കെ. രാഘവൻ

(ഇ) ഇതുവരെ ആകെ 2,30,032 രൂപ ചെലവായിട്ടുണ്ട്. ഇതിൽ ടിക്കറ്റിനത്തിൽ മൊത്തം 2,20,032 രൂപയും കഥകളി നടൻമാരെ അയയ്ക്കുന്നതിന് കലാഭാരതി തിയേറ്റേഴ്സ് 60,000 രൂപ ഗ്രാൻറായും അനുവദിച്ചു.

(എഫ്) ടിക്കറ്റിനത്തിൽ 28,752 രൂപ ചെലവായിട്ടുണ്ട്. മാറു പിലവുകയ തിട്ടപ്പെടുത്തിവരുന്നു.

(ജി) പൊതുരംഗത്ത് പ്രവർത്തിക്കുന്നവരെന്ന നിലയിൽ.

(എച്ച്) യാത്രച്ചെലവ് 1,33,910 രൂപ.

(ഐ) അതെ.

(ജെ) സംസ്ഥാന ഗവൺമെൻറിൻെറ ചെലവിൽ പോയവർ എയർ ഇൻഡ്യാ വിമാനത്തിലാണ് യാത്ര ചെയ്തത്.

(കെ) ഉദിക്കുന്നില്ല.

സംസ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

162 [209]. ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, വി. കെ. രാജൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധമുള്ള സംസ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ എത്രയുണ്ട് ;

(ബി) അവ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും സാൻസ്ക്രിറ്റ് എൻകറേജ്മെന്റ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ;

(ഡി) ഇതനുസരിച്ച് 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ എത്ര പേർക്ക് സ്കോളർഷിപ്പുകൾ നൽകി ;

(ഇ) ഇവർ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെട്ടവരാണ് ?

ഉത്തരം

(എ) 3 (മൂന്ന്)

(ബി) ഗവൺമെൻറ് സംസ്കൃത കോളേജ്, തിരുവനന്തപുരം.
ഗവൺമെൻറ് സംസ്കൃത കോളേജ്, പട്ടാമ്പി.
ഗവൺമെൻറ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.

(സി, ഡി) സംസ്കൃത വിദ്യാലയങ്ങളിലെ രക്ഷകർത്താക്കൾക്ക് 5,000 രൂപയിൽ കുറഞ്ഞ വാർഷികവരുമാനമുള്ള വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്.

കോഴ്സ്	1982-83	1983-84	1984-85
പ്രീഡിഗ്രി	95	85	85
ബി. എ.	10	16	25
എം. എ.	9	20	13
ആകെ	104	121	123

(ഇ) തിരുവനന്തപുരം, തൃപ്പുണിത്തുറ, പട്ടാമ്പി എന്നിവിടങ്ങളിലെ ഗവൺമെൻറ് സംസ്കൃത കോളേജുകളിലും ഇടക്കടം ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠത്തിലും പഠിച്ചിരുന്നവരാണ്.

സർവ്വകലാശാല പരീക്ഷാ ഫലപ്രഖ്യാപനത്തെ കുറിച്ചുള്ള പരാതികൾ

163 [210] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത കാലത്തുണ്ടായ സർവ്വകലാശാല പരീക്ഷാഫലപ്രഖ്യാപനത്തെക്കുറിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ സർവ്വകലാശാലയിലും എത്ര പരാതികൾ വീതമുണ്ടായിരുന്നു ;

(സി) പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ, ബി) 7,044 പരാതികൾ. കാലിക്കട്ട് സർവ്വകലാശാലയിൽ 2,500-ഉം കേരള സർവ്വകലാശാലയിൽ 4,538-ഉം ഗാന്ധിജി സർവ്വകലാശാലയിൽ 6-ഉം പരാതികൾ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly